# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2398 12.06.2018- ൽ മറുപടിക്ക്

## ചെറുകിട വ്യവസായ പദ്ധതികൾ

ചോദ്യം

ശ്രീ.ആർ. രാജേഷ്

ഉത്തരം

ശ്രീ. എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും
യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | കേരളത്തിൽ സമൃദ്ധമായി ലഭിക്കുന്ന കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | കാർഷിക മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണത്തിലും സംസ്കരണത്തിലും നിലവിലുള്ള ടെക്നോളജികളെക്കുറിച്ച് വികസിപ്പിച്ചെടുത്ത ദേശീയ സംസ്ഥാന തല ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രൊജക്റ്റ് ക്ലിനിക്കുകൾ സംഘടിപ്പിക്കുന്ന ഗവേഷണ സ്ഥാപനകളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക , വർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകളായി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായി രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാൻഡിംഗ് , ലൈസൻസ് എന്നിവയുമായി ഏക ജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, SFAC, SAMETI, കൃഷി വകുപ്പിലെ മാർക്കറ്റിങ് വിങ് എന്നിവ ശാക്തീകരിക്കുക, നാളികേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷിക ഉല്പാദന കമ്മീഷണർ ചെയർമാനായി കോ ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയിലൂടെ കാർഷിക വിഭവങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.<br>വിവിധ കാർഷിക വിളകളുടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട് . ആദ്യഘട്ടമെന്ന നിലയിൽ കോക്കനട്ട് അഗ്രോ പാർക്ക് കോഴിക്കോട് ജില്ലയിലെ കുത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണി |

| | | | |
|---|---|---|---|
| | | | കേന്ദ്രത്തിലും, മാങ്കോ പാർക്ക് പാലക്കാട് ജില്ലയിലെ മുതലമട ഫാമിലും, ബനാന ഹണി പാർക്ക് തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിലും, വെജിറ്റബിൾ പാർക്ക് ഇടുക്കി ജില്ലയിലുള്ള വട്ടവടയിലുള്ള പഴ തോട്ടത്തിലും സ്ഥാപിക്കുവാനുള്ള നടപടികൾ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ നടപ്പിലാക്കിവരുന്നു.<br>വ്യവസായ വകുപ്പ് സംഘടിപ്പിക്കുന്ന സംരംഭകത്വ വികസന പരിപാടി, സംരംഭകത്വ ബോധവൽക്കരണ പരിപാടി, ടെക്നോളജി ക്ലിനിക്, ടെക്നോളജി മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവയിൽ കാർഷികാധിഷ്ഠിത വ്യവസായ സംരംഭ യൂണിറ്റുകൾക്ക് മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നടത്തിവരുന്നു. കാർഷികാധിഷ്ഠിത യൂണിറ്റുകൾക്ക് മുൻഗണന നൽകി 10 % സബ്സിഡിയും നൽകിവരുന്നു. |
| ബി) | സംരംഭകർക്കു ജില്ലാതലത്തിൽ പരിശീലനം നല്കുവാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ; | ബി) | ജില്ലാതലത്തിൽ നടത്തുന്ന ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായുള്ള നൈപുണ്യ വികസന പരിശീലനങ്ങളിൽ പലപ്പോഴും ഭക്ഷ്യസംസ്കരണ മേഖലയെ ഉൾപ്പെടുത്തുകയും സംരംഭകർക്ക് മികച്ച പരിശീലനം നൽകാറുമുണ്ട്. കൂടാതെ ജില്ലാതലത്തിൽ നടത്തുന്ന സംരംഭകത്വ വികസന പരിശീലനം, ടെക്നോളജി ക്ലിനിക്കുകൾ എന്നിവയിൽ കാർഷിക മേഖലയുടെ മൂല്യവർദ്ധിത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകാറുണ്ട്. |
| സി) | ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ? | സി) | ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിന് ബ്ലോക്ക് തലത്തിലും, മുൻസിപ്പാലിറ്റി/ മുൻസിപ്പൽ കോർപ്പറേഷനിലും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. വ്യവസായ വകുപ്പിന്റെ പ്രാതിനിധ്യമുള്ള കമ്മിറ്റികളിലും, മറ്റ് യോഗങ്ങളിലും പദ്ധതികളെപ്പറ്റി വിശദീകരിക്കുന്നു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സംരംഭകത്വ സഹായ പദ്ധതി വഴി ധനസഹായം നൽകുന്നു. കാർഷിക വിളകളുടെ മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുന്നതിനു എസ്.എഫ്.എ.സി. വഴി ധനസഹായം നൽകുന്നു. |

**സെക്ഷൻ ഓഫീസർ**